**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6699** **11-11-2021 - ൽ മറുപടിയ്ക്ക്**

**കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ ഗ്രാമീണ ബസ് റൂട്ടുകളിൽ ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ ഗ്രാമീണ ബസ് റൂട്ടുകളിൽ പൊതുഗതാഗത സൗകര്യങ്ങൾ കുറവായത് കാരണം പ്രദേശവാസികൾ ഏറെ ഗതാഗത ക്ലേശം നേരിടുന്നതിനാൽ മലപ്പുറം - ചട്ടിപ്പറമ്പ് - കാടാമ്പുഴ-വളാഞ്ചേരി, പെരിന്തൽമണ്ണ-വളാഞ്ചേരി - പേരശന്നൂർ - എടച്ചലം - കുറ്റിപ്പുറം, പെരിന്തൽമണ്ണ- പടപ്പറമ്പ്-ചേണ്ടി - എടയൂർ-വളാഞ്ചേരി, കോട്ടയ്ക്കൽ-ഇന്ത്യാ നൂർ - കോൽക്കളം - ആക്കപ്പറമ്പ് - ചട്ടിപ്പറമ്പ്-മലപ്പുറം എന്നീ ഗ്രാമീണ റൂട്ടുകളിൽ കൂടി കെ.എസ്.ആർ.ടി.സി. യുടെ ബസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ) | കെ.എസ്.ആർ.ടി.സി.യ്ക്ക് കൂടുതൽ നഷ്ടം സഹിച്ച് ഡീസൽ തുക പോലും കിട്ടാത്ത സർവ്വീസുകൾ നടത്തുവാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എം. എൽ.എ അടക്കമുള്ള ജനപ്രതിനികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും നിലവിലെ ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇത്തരത്തിൽ യാത്രക്കാരുടെ എണ്ണം അനുസരിച്ച് ട്രിപ്പുകൾ പുന:ക്രമീകരിക്കുകയും, യാത്രക്കാർ കുറവുള്ളതും ഡീസൽ തുക പോലും ലഭിക്കാത്തതുമായ സർവ്വീസുകൾ ജനോപകാരപ്രദമായി ഇത്തരം റൂട്ടുകളിലേയ്ക്കും ക്രമീകരിക്കുന്നതിന് പദ്ധതിയുണ്ട്. പ്രസ്തുത ക്രമീകരണത്തിനു ശേഷവും പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധികമായി പുതിയ സർവ്വീസുകൾ ആവശ്യമായി വന്നാൽ പരിശോധിച്ച് 'ഗ്രാമവണ്ടി' പദ്ധതിയിൽ ബസ്സുകൾ അനുവദിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ആയതിനാൽ മലപ്പുറം - ചട്ടിപ്പറമ്പ് - കാടാമ്പുഴ - വളാഞ്ചേരി, പെരിന്തൽമണ്ണ - വളാഞ്ചേരി - പേരശന്നൂർ - എടച്ചലം - കുറ്റിപ്പുറം, പെരിന്തൽമണ്ണ-പടപ്പറമ്പ് - ചേണ്ടി - എടയൂർ - വളാഞ്ചേരി, കോട്ടയ്ക്കൽ-ഇന്ത്യാ നൂർ - കോൽക്കളം - ആക്കപ്പറമ്പ് - ചട്ടിപ്പറമ്പ് - മലപ്പുറം എന്നീ ഗ്രാമീണ റൂട്ടുകൾ കൂടി ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വീസ് നടത്തുന്നതിന് കഴിയുന്നതാണോ എന്ന് വ്യക്തമായ അപേക്ഷ ത്രിതല പഞ്ചായത്ത് മുഖേന ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ